**മേലെഴുത്ത് നമ്പർ: DTETVM/5968/2025-EA2 (EA) തീയതി: 02-09-2025**

---

കേരളപാണിനി അക്ഷരശ്ലോക സമിതി ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിൻ്റെ പകർപ്പ് ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതിലേയ്ക്കായി ഇതോടൊപ്പം നൽകുന്നു.

**JAYAPRAKASH P**

**DIRECTOR (FULL ADDITIONAL CHARGE)**

സ്വീകർത്താവ്,

വകുപ്പിന് കീഴിലെ എല്ലാ സ്ഥാപനമേധാവിമാർക്കും DTE വെബ്സൈറ്റ് വഴി

Signed by
Jayaprakash P
Date: 02-09-2025 00:32:47

18214/Hedn1.(M (H.Edn & S.)/2025


# കേരളപാണിനി അക്ഷരശ്ലോക സമിതി

## ശാരദാമന്ദിരം, മാവേലിക്കര

ആലപ്പുഴ ജില്ല, കേരളം - 690 101

രജിസ്റ്റർ നമ്പർ : A-612/93


സർ,

വിഷയം : 2025 മെയ് മാസം 4-ാം തീയതി കേരളപാണിനി അക്ഷരശ്ലോക സമിതി പാസ്സാക്കിയ പ്രമേയം അയയ്ക്കുന്നത് സംബന്ധിച്ച്

കേരളപാണിനി അക്ഷരശ്ലോകസമിതി മലയാള ഭാഷ നേരിടുന്ന അവഗണനയും അപചയവും പരിഹരിക്കുന്നതിനായി തയ്യാറാക്കിയ **'മലയാളത്തിന്റെ പ്രഭാവം വീണ്ടെടുക്കണം'** എന്ന പ്രമേയം ഇതിനോടൊപ്പം അയയ്ക്കുന്നു. മലയാളത്തനിമയെ വീണ്ടെടുക്കുവാൻ ഉചിതമായ നടപടികൾ സ്വീകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

MINISTER FOR HIGHER EDUCATION
29 MAY 2025

എന്ന്

Rajamohan. V.J

വി. ജെ. രാജമോഹൻ (പ്രസിഡന്റ്)

വാഴപ്പിള്ളേത്ത്

പല്ലാരിമംഗലം പി.ഒ.,

മാവേലിക്കര

ഫോൺ : 9495351671

മാവേലിക്കര

07.05.2025

കേരളപാണിനി അക്ഷരശ്ലോകസമിതി
മാവേലിക്കര - 1
Reg No: A 612 / 93
ശാരദാമന്ദിരം

# കേരളപാണിനി അക്ഷരശ്ലോക സമിതി

## ശാരദാമന്ദിരം, മാവേലിക്കര

ആലപ്പുഴ ജില്ല, കേരളം - 690 101

രജിസ്റ്റർ നമ്പർ : A-612/93

---

തീയതി :....................

### പ്രമേയം

### "മലയാളത്തിന്റെ പ്രഭാവം വീണ്ടെടുക്കണം"

കേരളപാണിനി അക്ഷരശ്ലോകസമിതി 2025 മെയ് മാസം 4-ാം തീയതി ഏ. ആർ. സ്മാരകമായ മാവേലിക്കര ശാരദാമന്ദിരത്തിൽ കൂടിയ 32-ാമത് വാർഷിക പൊതുയോഗം പാസ്സാക്കിയ പ്രമേയം

മലയാളം വായിക്കുവാനും എഴുതുവാനും ഉച്ചാരണശുദ്ധിയോടെ സംസാരിക്കുവാനും കഴിയാത്ത കുട്ടികളുടെയും യുവാക്കളുടെയും എണ്ണം വർദ്ധിച്ചുവരുന്നതിനാൽ കേരളപാണിനി അക്ഷരശ്ലോകസമിതി ആശങ്ക രേഖപ്പെടുത്തുന്നു. ഇംഗ്ലീഷിൽ എഴുതി മലയാളത്തിൽ വായിക്കുന്ന ഗതികേടിലേക്ക് കുട്ടികൾ മാറുന്നത് വേദനാജനകമാണ്. ഇംഗ്ലീഷ് മീഡിയത്തോടുള്ള അമിതസ്നേഹം മാതൃഭാഷയോടുള്ള നിഷേധമാകുകയും നാടിനെ ഉപേക്ഷിക്കുവാനുള്ള പ്രവണത കൂടിവരികയും ചെയ്യുന്നു.

പ്രൈമറി വിദ്യാഭ്യാസം പൂർണ്ണമായും മാതൃഭാഷയിലാക്കുക. മലയാള അക്ഷരമാലയും സംഖ്യാലിപിയും പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തി കുട്ടികളിൽ ഉറപ്പിക്കുക. കേന്ദ്ര-കേരള സിലബസ്സിലെല്ലാം സ്കൂൾ വിദ്യാഭ്യാസത്തിൽ മലയാള ഭാഷ നിർബന്ധമാക്കുക. മലയാള വ്യാകരണം, അലങ്കാരം, വൃത്തം, ഭാഷാപ്രയോഗങ്ങൾ എന്നിവ മുതിർന്ന ക്ലാസ്സുകളിൽ നിർബന്ധമായും പഠിപ്പിക്കുക. വിദ്യാഭ്യാസ പ്രവർത്തകരും, ഔദ്യോഗിക സംവിധാനവും മലയാള ഭാഷയോടുകാണിക്കുന്ന അവഗണന അവസാനിപ്പിക്കുക.

മലയാളിയുടെ അഭിമാനത്തേയും, ഭാഷയിലൂന്നിയ സംസ്കൃതിയേയും, മലയാളത്തിന്റെ മണ്ണിനേയും മനസ്സിനേയും, പ്രഭാവത്തേയും വീണ്ടെടുക്കുവാൻ കൂട്ടായ പരിശ്രമം ഉണ്ടാകണമെന്ന് കേരളപാണിനി അക്ഷരശ്ലോകസമിതി സർക്കാരിനോടും ബഹുജനങ്ങളോടും ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

അവതാരകൻ : **വിജയൻനായർ നടുവട്ടം**

അനുവാദക : **ഉഷാ അനാമിക**